# പ്രത്യാശ

## (ജൂലൈ 2008)

### (റിസർവ് ബാങ്ക് (കൊച്ചി) പെൻഷനേഴ്സിനു വേണ്ടിയുള്ള ഒരു വാർത്താ ബുള്ളറ്റിൻ)

ലക്കം 16 പ്രസിദ്ധീകരണ തീയതി : എല്ലാമാസവും 15 ന് പേജുകൾ 4 + 6

<u>**അപ്ഡേഷനും അല്പം പഴമ്പുരാണവും**</u> : ബാങ്കിന്റെ കൊച്ചി ആഫീസ് 1970 അവസാനം ബാനർജി റോഡിലെ കാർമൽ സെന്ററിൽ തുടങ്ങിയത് രാഹു കാലത്താണെന്നും തന്മൂലം താമസിയാതെ തന്നെ എം.ജി റോഡിലേ ജോയിസ് ബിൽഡിങ്ങിലേക്കും പിന്നീട് ബ്രോഡ്‌വേയിലേ കാത്തലിക്ക് സെന്ററിലേക്കും മാറ്റേണ്ടി വന്നുവെന്നും അക്കാലത്ത് ചിലർ പറഞ്ഞു കേട്ടിട്ടുണ്ട്. ഏതാണ്ടിതുപോലെയാന് നമ്മുടെ പെൻഷൻ പദ്ധതിയുടെ കാര്യവും.

വർഷം 1989 ശ്രീ R. N. Malhotra ഗവർണർസ്ഥാനം ഒഴിയുവാൻ ഒരു വർഷം മാത്രം ബാക്കി-അതിനുമുമ്പ് അദ്ദേഹത്തെക്കൊണ്ട് എങ്ങിനെയെങ്കിലും പെൻഷൻ അനുവദിപ്പിക്കണം. സ്ഥാനക്കയറ്റം മൂലം പലരും ആഫീസർ തസ്തികയിൽ എത്തിയിട്ടാണല്ലോ വിരമിക്കാറ്. സ്വാഭാവികമായും class I സംഘടനക്കായിരുന്നു പദ്ധതിയിൽ താൽപര്യം കൂടുതൽ. പലരും പടിയിറങ്ങലിന്റെ വക്കിൽ. അസ്സോസ്സിയേഷനും യൂണിയനും പെൻഷൻ മൂന്നാം ആനുകൂല്യമായിത്തന്നെ കിട്ടണമെന്ന വാശിയിലും-class I ന് മാത്രമായി പെൻഷൻ അനുവദിക്കാൻ നിവർത്തിയില്ലാത്ത അവസ്ഥയിലായിരുന്നു ഗവർണർ. വളരെ നാളത്തെ അനിശ്ചിതത്വത്തിന്റെ ശേഷം ശ്രീ മൽഹോത്രയുടെ അനുകൂല മനോഭാവവും ആഫീസ്സേഴ്സ് സംഘടനകളുടെ കിണഞ്ഞ പരിശ്രമവും മൂലം കേന്ദ്രപെൻഷൻ പദ്ധതി മോഡലിൽ ഓപ്ഷൻ അടിസ്ഥാനത്തിൽ RBI യിലും ഒരു പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയാണുണ്ടായത്. കാലം ചെന്നപ്പോൾ ബാങ്കിന് കൂടുതൽ പേരേ പദ്ധതിയിൽ ചേർക്കണമെന്നായി. അങ്ങിനെ ഇപ്പോൾ പ്രസിദ്ധിനേടിയ 1992 സർക്കുലർ പുറപ്പെടുവിച്ചു. പക്ഷേ ഈ സർക്കുലർ പിന്നീട് എല്ലാവരും മറന്നു. 2003-ൽ അപ്ഡേഷൻ സമയത്തുപോലും ഈ സർക്കുലർ ശ്രദ്ധിക്കപ്പെട്ടില്ല. അപ്ഡേഷനുവേണ്ടി തയ്യാറാക്കിയ നോട്ടിൽ ഇതേപ്പറ്റി പരാമർശമേ ഇല്ല. ഉണ്ടായിരുന്നെങ്കിൽ ധനകാര്യ വകുപ്പിന് ഇത്രയും ശക്തിയായി ഇടപെടാൻ സാധിക്കുമായിരുന്നില്ല. അപ്ഡേഷനു ശേഷം അധികം വൈകാതെ ധനകാര്യ വകുപ്പ് ചോദ്യം ചെയ്തപ്പോൾ HRDD യിലേ ഉന്നത ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്യേണ്ട ഈ വിഷയം I.A.S കാരൻ ജോയിന്റ് സെക്രട്ടറിയേക്കണ്ട് വിശദീകരിക്കാൻ നമ്മുടെ സെൻട്രൽ ആഫീസ് നിയോഗിച്ചത് ഡൽഹി ആഫീസിലെ ഒരു അസ്സിസ്റ്റന്റ് മാനേജർ ശ്രീ R. K. UPPAL. ഗൗരവമായ ഈ പ്രോട്ടോക്കോൾ ലംഘനം മൂലമാണോ നമ്മുടെ കാര്യങ്ങളെല്ലാം അവതാളത്തിലായതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതോ രാഹുകാലത്താണോ ശ്രീ UPPAL ജോയിന്റ് സെക്രട്ടറി ശ്രീ ചതുർവേദിയേ കണ്ട് സംസാരിച്ചത്. " He showed his in ability to clarify the issue" എന്നാണ് ശ്രീ ചതുർവേദി E.D ക്ക് അയച്ച കത്തിൽ പറയുന്നത്. എന്താണെങ്കിലും ഈ ഫയിൽ അന്നും ഇന്നും വേണ്ട രീതിയിൽ കൈകാര്യം ചെയ്യപ്പെട്ടില്ല.

റോൾബാക്ക്, അപ്പഡേഷൻ എന്നീ വിഷയങ്ങളേപ്പറ്റി "പ്രത്യാശ"ക്ക് ബാങ്കിൽ നിന്നും ഏറ്റവും ഒടുവിൽ കിട്ടിയ കത്ത് 15-3-2007 ലാണ്. സർക്കാരുമായി കത്തിടപാട് തുടരുന്നുവെന്നാണ് അതിൽ പറഞ്ഞിരുന്നത്. അതിനുശേഷം നടന്ന സംഭവങ്ങൾ എന്തെല്ലാമെന്നറിയാൻ 18-6-2008 ന് വിവരാവകാശ നിയമപ്രകാരം കത്തയിച്ചിട്ടുണ്ട്.

<u>**D.R വർധന:**</u> ഏപ്രിലിലെയും മെയിലേയും ഇൻഡക്സുകളുടെ അടിസ്ഥാനത്തിൽ 26 സ്ലാബിന്റെ D.R വർധനക്ക് നാം അർഹരായിട്ടുണ്ട്. ഒരു സ്ലാബിന് Post 1-11-02 പെൻഷനേഴ്സിന് .18 ശതമാനവും Pre 1-11-02 ക്കാർക്ക് .24 ശതമാനവുമാണ് അർഹത. ജൂൺ മാസത്തെ ഇൻഡക്സ് കൂടി അറിഞ്ഞിട്ടേ കൃത്യമായ വർധന കണക്കാക്കാൻ സാധിക്കൂ.

**Welcome to new retirees - may our tribe increase**

ശ്രീ. കെ. പി. ബാലൻ - മെയ് 2008

ശ്രീമതി. കല്യാണി - ജൂൺ 2008

ശ്രീ. ടി. വി. ഗോപാലകൃഷ്ണൻ - ജൂലൈ 2008

ശ്രീ. എ. കെ. രാമചന്ദ്രൻ - ഒക്ടോബർ 2008

**വായനക്കാരുടെ കത്തുകൾ** : Dear shri Pillai, Please accept my thanks and gratitude for the excellent work being carried out by you. Now that a major battle has been won (regarding 100% D.R) and relentless and all out efforts are made to achieve the second goal you may consider making " പ്രത്യാശ" a quarterly one. You may also like to give more focus to 'social news' of both retired and serving RBI employees at Kochi and Trivandrum-with warm regards. K. V. Ramachandran, G.M (Retd.) Kochi.

("പ്രത്യാശ" രണ്ടു മാസത്തിലൊരിക്കൽ പ്രസിദ്ധീകരിച്ചാൽ പോരേ എന്ന് ഗൗരവമായി പരിഗണിച്ചുവരികയാണ്. കൂടാതെ ശ്രീ. രാമചന്ദ്രൻ തുടക്കത്തിൽത്തന്നെ അഭിപ്രായപ്പെട്ടതുപോലെ പരീക്ഷണാടിസ്ഥാനത്തിൽ "പ്രത്യാശ" ഇക്കുറി ബുക്ക് പോസ്റ്റായി അയക്കുകയാണ്.)

**M.A.F വാർത്തകൾ** : P.F. INDEX ന്റെ അടിസ്ഥാനത്തിൽ ID കാർഡ് നൽകുന്നതിനേപ്പറ്റി ബാങ്കിൽ നിന്നും കത്ത് ലഭിച്ചിരിക്കുമല്ലോ. പെൻഷൻ, ഫാമിലി പെൻഷൻ, എക്സ്ഗ്രേഷ്യാ, MAF പദ്ധതി, REMS, ഫോട്ടോ ID. card മുതലായ എല്ലാ കാര്യങ്ങൾക്കും ഇനി P.F. INDEX നമ്പർ ആയിരിക്കും അടിസ്ഥാനമെന്ന് 31-5-08 ലേ RBI News letter വെളിപ്പെടുത്തുന്നു. നമ്മെളെല്ലാം മറന്നു കഴിഞ്ഞ ഒരു നമ്പർ അങ്ങിനെ പ്രാധാന്യത്തിൽ വന്നിരിക്കയാണ്.

ഒരംഗത്തിന്റെ ഭാര്യക്ക് ലിസ്സി ആസ്പത്രിയിൽ നടത്തിയ ബൈപാസ്സ് ഓപ്പറേഷന് 1,44,876 രൂപയുടെ ക്ലെയിം അയച്ചപ്പോൾ ടി.ടി.കെ. യിൽ നിന്നും കിട്ടിയത് 1,06,019 രൂപ-വർക്ക്മെൻ കാഡറിൽപെട്ട ഈ അംഗത്തിന് "പെർ ഹോസ്പിറ്റലൈസേഷൻ" പരിധി 1,40,000 ആകയാൽ നഷ്ടം 33,981 രൂപാ. പുതിയ പദ്ധതി പ്രകാരം കൊച്ചിയിലെ ആദ്യത്തേ കേസായിരുന്നെന്ന് തോന്നുന്നു. ബില്ലുകൾ എല്ലാം RBI യിൽ കൊടുത്ത് അവിടെ നിന്നുമാണ് ടി.ടി.കെ.ക്ക് അയച്ചത്. എവിടെയോ എന്തോ കുഴപ്പം പറ്റി. ചിലതിന്റെയൊക്കെ ഒറിജിനൽ കാണാനില്ലെന്ന് പറഞ്ഞ് വളരെ നാൾ എഴുത്തുകുത്ത് നടന്നു. ഒന്നിന്റെയും ഫോട്ടോ കോപ്പിയെടുത്തുവയ്ക്കാഞ്ഞത് ഒരു പോരായ്മയായി. അതുകൊണ്ട് ഏതൊക്കെയാണ് വെട്ടിക്കുറിച്ചതെന്ന് മനസ്സിലാക്കി കത്തിടപാട് നടത്തുവാനും വയ്യാതായി. സ്വയം അപേക്ഷകൾ തയ്യാറാക്കി അയക്കുവാൻ ബുദ്ധിമുട്ടുള്ള അംഗങ്ങൾക്കായി ഒരു HELP DESK മാസത്തിലൊരിക്കലെങ്കിലും തുടങ്ങുവാൻ RBREA മുൻകൈയെടുക്കണമെന്ന് "പ്രത്യാശ"ക്ക് അപേക്ഷയുണ്ട്. ഇതിലേക്ക് Volunteers നെ ക്ഷണിക്കുകയും അവരുടെ സേവനത്തിന് ഒരു ചെറുതുക ഈടാക്കുന്നതിനും തെറ്റില്ല. കൂടാതെ പ്രായാധിക്യമോ അനാരോഗ്യമോ മൂലം സഹായം ആവശ്യമുള്ളവരെ വീട്ടിൽ ചെന്ന് കണ്ട് വേണ്ടത് ചെയ്യുവാനും ഒരു Volunteer squad രൂപികരിക്കേണ്ടതാണ്. " പ്രത്യാശ" യും ശ്രീ സി. എ. ജേക്കബും കൂടി ഈയിടെ ശ്രീ P. I. John (84) നെ ആലുവാ Chacko Homes ൽ ചെന്ന് കണ്ടു T.T.K. ക്ക് ക്ലെയിം അയക്കുവാനുള്ള പേപ്പർ വർക്കിന് സഹായിക്കുകയുണ്ടായി. നല്ലൊരു ലഞ്ച് തന്നാണ് ഞങ്ങളെ അദ്ദേഹം മടക്കിയത്. പഴയ സഹപ്രവർത്തകരെ കാണുന്നതും അൽപസമയം ഒന്നിച്ച് പഴയ കാര്യങ്ങൾ അയവിറക്കുന്നതും എത്ര സന്തോഷ പ്രദമാണെന്ന് പറയേണ്ടതില്ലല്ലോ.

**6ാം ശമ്പളക്കമ്മീഷൻ കുടിശ്ശിക ഒരുമിച്ച് നൽകരുത്**

പ്രസ്തുത കുടിശ്ശിക ഗഡുക്കളായി മാത്രമേ നൽകാവു എന്ന് മുൻ RBI ഗവർണർ സി. രംഗരാജന്റെ നേതൃത്വത്തിലുള്ള സാമ്പത്തിക ഉപദേശ സമിതി ശുപാർശ ചെയ്തതായി പത്രവാർത്ത (മാതൃഭൂമി 29-5-08) കമ്മീഷൻ റിപ്പോർട്ടിൽ ന്യായമായ മാറ്റങ്ങൾ വരുത്തുന്നിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉപസമിതിയുടെ നിലപാടിൽ ആശക്ക് വകയില്ലെന്നും ജീവനക്കാരുടെയും പെൻഷൻ കാരുടേയും സംയുക്ത പ്രക്ഷോഭം ആവശ്യമായി വരുമെന്നുമാണ് റിപ്പോർട്ടുകൾ. ആഗസ്റ്റ് 20 ന് ദേശിയ പണിമുടക്കിൽ പങ്കെടുക്കാൻ ആഹ്വാനവും ചെയ്തിട്ടുണ്ട്.

## എഡിറ്റോറിയൽ

വർദ്ധക്യാസൂത്രണത്തിന്റെ പ്രാധാന്യത്തെപ്പറ്റി കഴിഞ്ഞലക്കത്തിൽ പ്രതിപാദിച്ചിരുന്നുവല്ലോ. A Man is as old as he feels and a woman is as old as she looks എന്നാണല്ലോ പറയാറ്. കാര്യമൊക്കെ ശരി. എനിക്ക് വയസ്സായില്ല അതുകൊണ്ട് പ്ലാനിങ്ങിനൊന്നും തിടുക്കം കാട്ടേണ്ട എന്നായിരിക്കും പലരുടെയും ചിന്താഗതി. ഞാൻ മരിച്ചാൽ നീ എങ്ങനെ ജീവിക്കുമെന്ന് ഭർത്താവ് ഭാര്യയോട് ചോദിച്ചാൽ ഒന്നുകിൽ നിങ്ങൾ വേണ്ടത്തതൊന്നും പറയേണ്ട എന്ന മറുപടി അല്ലെങ്കിൽ ഞാൻ മരിച്ചാൽ നിങ്ങൾ എന്ത് ചെയ്യും എന്ന മറുചോദ്യം. മരണത്തെക്കുറിച്ച് പറയുന്നതുതന്നെ ചിലർക്ക് ഇഷ്ടമല്ല. പക്ഷേ ഒരോ നിമിഷവും മരണം നമ്മേ പിന്തുടരുന്നു എന്നതല്ലേ വാസ്തവം. അരോഗദൃഢഗാത്രനായി ചെത്തിനടന്നിരുന്ന ഒരു 65 കാരൻ ഇരുന്ന ഇരുപ്പിൽ കുഴഞ്ഞ് വീണു മരിച്ചപ്പോൾ മക്കൾ രണ്ടും പുറം നാട്ടിൽ. ഭാര്യ പിച്ചും പേയും പറയുന്നു. അയിലോക്കക്കാർ എവിടെയൊക്കെ തിരഞ്ഞിട്ടും പത്രത്തിൽ കൊടുക്കുവാൻ പരേതന്റെ ഒരു ഫോട്ടോ പോലും ആ വീട്ടിൽ കാണാനില്ല. മക്കളുടെ ഫോൺ നമ്പറുകളെവിടെ? അതേ സമയം മറ്റൊരു 75 കാരന്റെ വീട്ടിൽ ആദ്യമായി ചെന്നപ്പോൾ "ഔട്ട്" എന്ന ബോർഡ് വാതിൽക്കൽ തൂങ്ങുന്നു- ഒരു ബെല്ലുപോലും അടിക്കേണ്ടി വന്നില്ല. അടുത്തദിവസം ചെന്നു- "ഇൻ" ബോർഡുണ്ട്. ബെല്ലടിച്ച് കയറി ഇരുന്നു. അവിവാഹിതനാണെങ്കിലും ചൂട് ചായ ഉടനേ കിട്ടി സംസാരത്തിനിടെ കണ്ണോടിച്ചപ്പോൾ ഭിത്തിയിൽ "Society for organ Retrieval and translantation (SORT) Kochi യുടെ നോട്ടീസ് പതിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ മരണ ശേഷം മൃതദേഹം പ്രസ്തുത സൊസൈറ്റിക്ക് ദാനം ചെയ്തിട്ടുണ്ടെന്നും നോട്ടീസിൽ കാണിച്ചിരിക്കുന്നു. ഫോൺ നമ്പരിൽ വിളിച്ചറിയിക്കണമെന്നും. ഇദ്ദേഹത്തിന്റെ ഫോണിനടുത്ത് ടെലിഫോൺ ഡയറിയും ആദ്യത്തേ പേജിൽത്തന്നെ ഉറ്റബന്ധുക്കളുടെ നമ്പറുകളും മറ്റ് S.O.S. നമ്പറുകളും ഉണ്ടാകുമെന്ന് തീർച്ച-മേശവലിപ്പ് തുറന്നാൽ Passport size photos എന്നെഴുതിയ ഒരു കവറും അതിനുള്ളിൽ അദ്ദേഹത്തിന്റെ ഫോട്ടോകളും ഉണ്ടായിരിക്കുമെന്നതിന് സംശയമേ വേണ്ട. മരണവാർത്ത അറിയുമ്പോൾത്തന്നെ ആരെങ്കിലും അദ്ദേഹത്തിന്റെ വിൽപ്പത്രവുമായി വരികയും വേണ്ട നടപടികൾ എടുക്കുകയും ചെയ്യുമെന്ന് തീർച്ച. മരണത്തെ പേടിയില്ലാത്ത മനുഷ്യൻ-ഇദ്ദേഹം മരിച്ചാൽ ആർക്കെങ്കിലും ഒരു ബുദ്ധിമുട്ടുണ്ടാവുമോ? 45 വർഷം മുമ്പ് അച്ഛന്റെ മരണശേഷം പ്രത്യാശ എഡിറ്റർക്ക് 3 മാസം ലീവെടുത്ത് നാട്ടിലെത്തി കുടുംബ കാര്യങ്ങൾ നോക്കേണ്ടി വന്നു. പല സ്ഥലങ്ങളിൽ ഒറ്റിയും തീറുമായി കൃഷിയിടങ്ങൾ, പാട്ട ഭൂമി, ചിട്ടികൾ, ബാങ്ക് നിക്ഷേപങ്ങൾ എന്നു വേണ്ട എല്ലാ നൂലാമാലകളുമുണ്ടായിരുന്നു. പക്ഷേ എല്ലാ വസ്തുക്കളുടെയും പൂർണ്ണ വിവരങ്ങൾ ഒരു രജിസ്റ്ററിൽ കിറുകൃത്യമായി രേഖപ്പെടുത്തിയിരുന്നതിനാൽ കാര്യങ്ങൾ സുഗമമായി ചെയ്യാൻ സാധിച്ചു. RBI യിൽ 3 മാസം ലീവെടുക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. പക്ഷേ ഇന്ന് വിദേശ രാജ്യങ്ങളിലുള്ള മക്കൾക്ക് 10 ദിവസം പോലും നാട്ടിൽ നിന്ന് കാര്യങ്ങൾ നടത്താൻ സാധിച്ചെന്ന് വരില്ല. ഡെത്ത് സർട്ടിഫിക്കറ്റ് വാങ്ങാനുള്ള നടപടികൾ പോലും പൂർത്തിയാക്കാൻ അവർക്ക് സാധിച്ചില്ലെന്ന് വരാം. പിന്നെ ഫാമിലി പെൻഷൻ നടപടികൾ. ന്യായമായ ഒരു ദുഖാചരണ കാലം കഴിയാതെ ഒരു ഭാര്യയ്ക്ക് ഇതിനേപ്പറ്റിയൊന്നും അന്വേഷിക്കാനും സാധിക്കയില്ല. ഈ സാഹചര്യത്തിൽ ഫാമിലി പെൻഷന് അപേക്ഷിക്കേണ്ട നടപടി ക്രമങ്ങൾ " പ്രത്യാശ" യിൽ കൂടി വായനക്കാരെ അറിയിക്കുന്നു. മരണത്തെ ഭയമില്ലാത്തവർ മാത്രം ഈ ലക്കത്തോടൊപ്പമയക്കുന്ന 6 പേജുള്ള ഫാറം ഒരു ഫയലിൽ സൂക്ഷിക്കയും MAF പദ്ധതിയേപ്പറ്റിയുള്ള എല്ലാ വിവരങ്ങളും ഭാര്യയും മക്കളുമായി പങ്കിടുകയും ചെയ്താൽ നന്ന്. വാർദ്ധക്യാസൂത്രണത്തിന്റെ ആദ്യപാഠം ഈ നിസ്സാര സംഗതിയാവട്ടെ.

ഫാമിലി പെൻഷൻ വിഷയത്തിൽ ഏറ്റവും ഒടുവിൽ " പ്രത്യാശ"ക്ക് കിട്ടിയ വിവരം 22-8-06 ന് പെൻഷൻ റെഗുലേഷൻ ഭേദഗതി ചെയ്യാനുള്ള ബാങ്കിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ കേന്ദ്രത്തോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ടെന്നായിരുന്നു. അതിനുശേഷം നടന്ന സംഭവ വികാസങ്ങൾ ആരാഞ്ഞ് RTI ACT പ്രകാരം 14-6-08 ന് "പ്രത്യാശ" കത്തയച്ചിട്ടുണ്ട്. ഒരു മാസത്തിനകം മറുപടി തരാൻ അവർ ബാദ്ധ്യസ്ഥരാണ്.

**<u>UCO Bank ൽ മുതിർന്ന പൗരന്മാരായ അക്കൗണ്ടുടമകൾക്ക് ചായയും കാപ്പിയും</u>:** കമ്പ്യൂട്ടർ യുഗത്തിന്റെ നൂലാമാലകൾ പഴയ തലമുറയെ ബാങ്കിൽ നിന്നും അകറ്റി നിർത്തുന്നത് തടയുവാനും അവരേ മനുഷ്യബന്ധങ്ങൾ വഴി ആകർഷിക്കുവാനും വേണ്ടി UCO Bank കൽക്കട്ട, ഡൽഹി, അഹമ്മദാബാദ്, ചാണ്ടിഗാർഹ് എന്നീ ശാഖകളിൽ (താമസിയാതെ മദ്രാസിലും) മുതിർന്നവരേ ഒരു പ്രത്യേക സൽക്കാര

ചായയും കാപ്പിയും കൊടുത്ത് അവരുടെ പണമിടപാടുകൾ ക്യൂവിൽപെടുത്താതെ നടത്തിക്കൊടുക്കുന്ന സമ്പ്രദായം തുടങ്ങിയിരിക്കുന്നു. ഈ വർഷം തന്നെ 25 ശാഖകളിൽ കൂടി ഈ സേവനം നടപ്പാക്കുമത്രേ. (Source 'Harmony' June 08) കേരളത്തിലേ ബസ്സുകളിൽ " മുതിർന്ന പൗരൻ" എന്ന് 2 സീറ്റുകളുടെ മുകളിൽ എഴുതി വച്ചിട്ടുണ്ടെങ്കിലും എത്ര മുതിർന്നാലും ആരും എഴുന്നേറ്റു കൊടുക്കാറില്ല. വയസ്സായെന്ന് കൊട്ടി ഘോഷിക്കാനോ സീറ്റ് ചോദിച്ചു വാങ്ങുവാനോ മുതിർന്നവരും തയ്യാറല്ല. ഇനി ആരെങ്കിലും ചോദി ച്ചാൽത്തന്നെ യുവാക്കളുടെ രൂക്ഷ നോട്ടത്തിൽ അവർ ദഹിച്ചു പോകുകയും ചെയ്യും.

**സംഭാവനകൾ:** പുനർസംഭാവനകൾ ശ്രീ സി. രാജപ്പൻ 250 ശ്രീ കെ. വി. രാമചന്ദ്രൻ 150 + മുൻ ബാലൻസ് 1542= 1942 less ഈ ലക്കം ചിലവ് 976 = നീക്കിയിരുപ്പ് 966 ക. (RBREA 1000, ശ്രീ C. A. ജേക്കബ് 1000 എന്നീ സംഭാവനകൾക്ക് ശേഷം ഏറ്റവും കൂടുതൽ സംഭാവന (700 ക) തന്ന് പ്രോത്സാഹിപ്പിച്ച ശ്രീ സി. രാജ പ്പന് "പ്രത്യാശ" യുടെ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**100% ഡി. ആർ. ഉത്തരവിലെ മറിമായം:** ഈ വിഷയത്തിൽ വിവരാവകാശനിയമ പ്രകാരം അറിയുന്ന വസ്തുതകൾ ഞെട്ടിപ്പിക്കുന്നവയാണ്. അടുത്ത ലക്കം വരെ കാത്തിരിക്കുക.

**തനിച്ച് താമസിക്കുന്ന വൃദ്ധകൾ:** തമിഴ്നാട്- 3,20,000, ആന്ധ്ര - 3 ലക്ഷം, U.P. - 2,60,000 മഹാരാഷ്ട്ര - 1,70,000 W.B - 1,40,000

**ശരാശരി മനുഷ്യായുസ്സ്:** വികസിത രാജ്യങ്ങളിൽ ഇപ്പോൾ 75 ന് മുകളിൽ ഇന്ത്യ 1901 ൽ 23 വർഷം ഇപ്പോൾ 64 വർഷം (Source HARMONY June 08)

**SENIOR CITIZENS:** generally above 65 അതിൽ above 70 - SEPTUAGENARIANS, Above 80 - Octo genarians, Above 90- NON a genarians. Octo genarians ന് 20%, non a genarians ന് 40% എന്നിങ്ങനെ പെൻഷൻ വർധന 6-ാം ശമ്പളക്കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. നമ്മളും ഈ ആനുകൂല്യം ആവശ്യപ്പെടേണ്ടതുണ്ട്. നമ്മുടെ അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ Octo genarian " പ്രത്യാശ" യുടെ അറിവിൽ ശ്രീ എ. കെ. ഫ്രാൻസിസ്, തൃശൂർ, (88 yrs) No 19 in our Directory രണ്ടാമൻ ശ്രീ P. I. John (84) No 38 in our Directory. ഇരു വരുടെയും ആയുരാരോഗ്യത്തിന് "പ്രത്യാശ"യുടെ ആശംസകൾ.

**ഡൽഹി ഹൈക്കോർട്ടിലേ കേസ്:** 1-1-86 ന് മുമ്പ് വിരമിച്ച ചിലർ പെൻഷനു വേണ്ടി ഡൽഹി ഹൈക്കോ ടതിയിൽ ഫയൽ ചെയ്ത കേസിന്റെ വാദം പൂർത്തിയായിട്ട് വളരെ നാളുകളായി. പക്ഷേ വിധി പ്രസ്താ വിച്ചിട്ടില്ല. എക്സ്-ഗ്രേഷ്യക്കാർക്ക് നൽകും എന്ന് കേൾക്കുന്ന വർധന വച്ച് താമസിപ്പിക്കുന്നത് ഒരു പക്ഷേ ഈ വിധി കാത്തിരിക്കുന്നതു കൊണ്ടാണോ എന്നും സംശയിക്കാം. വിധി അനുകൂലമായിരി ക്കാൻ സാധ്യതയില്ല എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. Cut off date ന്റെ കാര്യത്തിൽ മാനേജ്മെന്റുകൾക്കും സർക്കാരിനും ഉള്ള സ്വാതന്ത്ര്യത്തിൽ അധികം കൈ കടത്തേണ്ട എന്നാണ് ഇപ്പോഴത്തേ judicial thinking എന്ന് ചില വിധികൾ സൂചിപ്പിക്കുന്നു.

**Late News:** ജൂലൈ 10 ന് ചെന്നൈയിൽ കൂടിയ സെൻട്രൽ ബോർഡ് യോഗത്തിന്റെ അജൻഡയിൽ പെൻഷൻ വിഷയം ഉണ്ടായിരുന്നെന്നും എന്നാൽ അത് അടുത്ത മാസം മുബൈയിൽ കൂടുന്ന യോഗ ത്തിലേക്ക് മാറ്റി വച്ചതായുമറിയുന്നു-രാഹുകാലം effect ?

**RBREA അറിയിപ്പ്:** D.R. വർധന ലഭിച്ചവരിൽ നിന്നും സംഭാവനകൾ ആവശ്യപ്പെട്ട് RBREA അയച്ച സർക്കുലറിൻ പ്രകാരം സംഭാവനകൾ ഇനിയും അയച്ചു കൊടുക്കാത്തവർ എത്രയും വേഗം തുക എത്തിക്കണമെന്ന് ഖജാൻജി ശ്രീ പി. മോഹൻദാസ് അഭ്യർത്ഥിക്കുന്നു.

Edited by K. G. K. Pillai, C.2, Elders Village, Chottanikkara P.O, PIN- 682312, Ph No: 0484-2713414

The views expressed herein are purely those of the Editor and not those of the RBREA, Kochi.

FORM 9

(Regulation 32)

# Form of application for the grant of Family Pension on the death of an employee/pensioner

1. Name of the applicant :
   (i) Widow/ Widower
   (ii) Son/Daughter
   (iii) Guardian if the deceased person is Survived by minor child or children

Attested passport size Photograph

2. Name and Age of surviving widow/widower and Children of the deceased employee/pensioner :

| Sl. No. | Name | Relationship with the deceased person | Date of birth by Christian era |
|---|---|---|---|

3. Name and P.F.Index No. of the deceased employee/pensioner :

4. Date of death of the employee/pensioner :

5. Office /Department in which the deceased employee/pensioner served last :

6. If the applicant is the guardian, his date of birth and relationship with the deceased employee/pensioner :

7. Full address of the applicant :

8. Enclosures.
   (i) Two specimen signatures of the applicant duly attested.
   ( to be furnished in two separate sheets)

   (ii)Two copies of passport size photographs of the applicant duly attested

   (iii) Certificates of age (in original with two attested copies) showing the dates of birth of the children. The certificates should be from the Municipal Authorities or from the head of a recognised school if the child is studying in such school. (This information should be furnished in respect of such child or children, the particulars of whose date of birth are not available with the office.

9. Indicate whether family pension is admissible from any other source – Military or State Government and /or a Public Sector Undertaking / Autonomous body/local fund under the Central or a State Government.

10. Signature or left hand thumb impression *
of the applicant.

11. Attested by

| | Name | Full Address | Signature |
|---|---|---|---|
| (i) | | | |
| (ii) | | | |

12. Witnesses

(i)

(ii)

Note: Attestation should be done by two officers of the bank . Gazetted Government Servants or two or more respectable persons in the town , village in which the applicant resides.

---

* To be furnished in case the applicant is not literate enough to sign his name.

## Documents to be attached with application for family pension

1. **Form -9 , Application for Family Pension**
2. **Certified copy of the Death certificate**
3. **Specimen signature of applicant duly attested ( in case of RBI officers , attestation by Grade –B or above)**
4. **Two Passport size photograph of the applicant**
5. **Certificate showing age of dependent children( attested copy)**
6. **Declaration to the effect that the applicant is not eligible for family pension from any other source**
7. **Declaration to the effect that the applicant is not remarried**
8. **undertaking given by the joint account holder**

<u>Enclosure C-9</u>

<u>Undertaking to be given by the widow /widower/eligible child applying for Ex-gratia / Family Pension under Reserve Bank of India Pension Regulations, 1990</u>

I, widow / widower / son / daughter of late Shri.......................................................... (P.F.index No, ....................) who ceased to be in the Bank's service on close of business on........................... as ................................. from Kochi Office and expired on ................................ hereby declare that I have read and understood the Pension Regulations, 1990 and wish to draw Family Pension as a first eligible family member of the late Shri....................................................... and further declare that I am not eligible for family pension under any rule of the Central / State Government, Public Sector Undertaking, Autonomous Body, Local fund of the Central / State Governments.

2. I undertake to refund the entire amount of family pension received from the Bank in case the above declaration proves to be false at any time in future.

Signature with date :

Name in full :

Witness

Signature :

Name :

Address :

## Form of Undertaking

I hereby declare that I have not been married * /remarried ** and I undertake to report such an event promptly to the Bank.

Signature :

Name of the Pensioner/
Recipient of ex-gratia amount :

Place :

Date:

* Applicable to the daughter –recipient of family pension/ex-gratia amount.

** Applicable to the widow /widower recipient of family pension /ex-gratia amount.

Annexure 1

**Undertaking to be given by the Nominee/Joint Account holder of the Pensioner**

The Regional Director
Reserve Bank of India
Thiruvananthapuram

Dear Sir

I/We the nominees /joint account holder(s) of savings bank account No............................ of Shri/Smt/Kum............................................................ Maintained with ........................................................................ bank, hereby undertake to intimate to you immediately to stop the crediting of monthly pension payable to Shri/Smt/Kum........................................................................ to the said Savings Bank Account in the event of his/her death. Further, I / We also undertake to refund any excess amount of pension in respect of Shri/Smt/Kum.................................................................. credited , if any, to the above Savings Bank Account for the period after his/her death.

1. Signature :
Name in Full :
Occupation :
Address :

2. Signature :
Name in Full :
Occupation :
Address

Witness

Signature :
Name in Full :
Occupation :
Address

Specimen Signature of

Smt/Shri.....................................................

Signature attested by

Specimen Signature of

Smt/Shri.....................................................

Signature attested by